**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5128** **04-07-2024 - ൽ മറുപടിയ്ക്ക്**

**ബാലവേല നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ആദ്യമായി ബാലവേല നിരോധിച്ച സംസ്ഥാനമെന്ന ഖ്യാതി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ബാലവേല വിമുക്തമാക്കുന്നതിനുള്ള നടപടി സംസ്ഥാനം 2007 മുതൽ തന്നെ തുടർന്നു വരുന്നു. 31.10.2007-ലെ G.O(Rt) No.3226/2007/LBR പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും തൊഴിൽ വകുപ്പ് സെക്രട്ടറി കൺവീനർ ആയും ധനകാര്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, എസ്.സി/എസ്.റ്റി വകുപ്പ്, റവന്യൂ വകുപ്പ്, വിവര പൊതുജനസമ്പർക്ക വകുപ്പ് എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായി കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബർ രൂപീകരിക്കുകയും തൊഴിൽ വകുപ്പ് തന്നെ പ്രത്യേക ശ്രദ്ധ ചെലുത്തി പരിശോധനകൾ നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. അതുകൊണ്ട് തന്നെ ബാലവേല നിരോധിത സംസ്ഥാനം എന്ന ഖ്യാതി കേരളത്തിനുണ്ട്. |
| (ബി) | ബാലവേല നിർത്തലാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധന നടത്തുന്നതിനോപ്പം തന്നെ 1986-ലെ ചൈൽഡ് ആന്റ് അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരമുള്ള പരിശോധനയും നടത്തി വരുന്നുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ തല മോണിറ്ററിങ് കമ്മിറ്റിയും ജില്ലാതല ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയും യോഗം ചേർന്ന് ബാലവേല നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ലോക ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 സംസ്ഥാനത്ത് എല്ലാ വർഷവും ആചരിച്ചു വരുന്നുണ്ട്. 2024-ൽ ടി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൊഴിൽ വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. |

| | | | |
|---|---|---|---|
| | | | 01/11/2023-ലെ സ.ഉ.(സാധാ) നമ്പർ 1333/2023/LBR പ്രകാരം കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബർ, 01/11/2023-ലെ സ.ഉ.(സാധാ) നമ്പർ 1334/2023/LBR പ്രകാരം സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി ഓൺ ചൈൽഡ് ലേബർ എന്നിവ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.<br><br>അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, പ്ലാന്റേഷനുകൾ എന്നിവിടങ്ങളിലും പരിശോധന നടത്തുകയും തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ബാലവേലയുമായി ബന്ധപ്പെട്ട നിയമവശങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തി വരികയും ചെയ്യുന്നുണ്ട്. |
| (സി) | ബാലവേല എവിടെയെങ്കിലും കണ്ടെത്തുകയാണെങ്കിൽ അറിയിക്കേണ്ടത് എവിടെയാണെന്ന് വിശദമാക്കാമോ? | (സി) | ബാലവേല കണ്ടെത്തുകയാണെങ്കിൽ തൊഴിൽ വകുപ്പിലോ, ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലോ, ചൈൽഡ് ലൈൻ ഹെൽപ്പ് ലൈൻ നമ്പരായ 1098 ലോ അറിയിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ